## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1396 — 08.02.2013-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിനെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>,, അൻവർ സാദത്ത്<br>,, എ.റ്റി.ജോർജ്<br>,, വി.പി.സജീന്ദ്രൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിനെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിനെ ആധുനിക രീതിയിൽ പരിഷ്കരിക്കുന്നതിന് ഒരു ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ് കർമ്മ പരിപാടി നടപ്പാക്കി ഇതിൽ പൊതുമരാമത്ത് വകുപ്പിനെ സാങ്കേതികവും ഭരണപരവും സാമ്പത്തികവുമായി ശക്തിപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടു.<br>1. പൊതുമരാമത്ത് വകുപ്പിന്റെ ദൈനംദിന പ്രവർത്തനത്തിന് മാർഗ്ഗദർശനം നൽകാൻ പൊതുമരാമത്ത് മാന്വലും, ദർഘാസ് പ്രമാണങ്ങളും പരിഷ്കരിച്ചു.<br>2. പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തുകയും അതിന്മേൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു.<br>3. എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതു മുതൽ വർക്കുകളുടെ പേയ്മെന്റ് നടത്തുന്നതുവരെയുള്ള പ്രവർത്തികൾക്ക് കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഉണ്ടാക്കിവരുന്നു.<br>4. കെ.എസ്.ടി.പി പദ്ധതിയിൽ അന്താരാഷ്ട്ര നിലവാരത്തിലാണ് റോഡ് നിർമ്മാണം നടത്തുന്നത്. വിദഗ്ധ ഏജൻസികളെക്കൊണ്ട് നിലവിലുള്ള റോഡിന്റെ പോരായ്മകൾ ശാസ്ത്രീയമായി തിട്ടപ്പെടുത്തി രൂപകൽപന ചെയ്താണ് എസ്റ്റിമേറ്റ് എടുക്കുന്നത്. IRC Specification ഉം MORTH ഡാറ്റയും പ്രകാരമാണ് വർക്കുകൾ ചെയ്യുന്നത്. NRMB ഉപയോഗിച്ചുള്ള ബിറ്റുമെൻ വർക്കുകളാണ് കെ.എസ്.റ്റി.പി ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റാനായി പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന KSTP പദ്ധതിയുടെ ഭാഗമായി വകുപ്പിനെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് 2011, 2012 എന്നിവയിൽ ആഗോള നിലവാരത്തിലുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ആശയങ്ങൾ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. അതിന്റെ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനൊപ്പം KSTP യുടെ രണ്ടാംഘട്ട പദ്ധതി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്. കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതിയിൽ ചെയ്യുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തികളിൽ വിദേശ രാജ്യങ്ങളിൽ നടപ്പാക്കിവരുന്ന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പരിഷ്ക്കാരങ്ങൾ വകുപ്പിൽ വരുത്തുകയുണ്ടായി ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഇ-ടെൻഡറിംഗ്, ഇ-പേയ്മെന്റ് എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ സമ്പൂർണ്ണ പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും സാധനസാമഗ്രികളും ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നതിന് വകുപ്പിനെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**